## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 63 | 02.03.2020- ൽ മറുപടിക്ക് |
|---|---|

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ : | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി അഭിവൃദ്ധിപ്പെടുത്തുന്ന പി.ഡബ്ല്യു.ഡി റോഡുകളുടെ ലിസ്റ്റിൽ കാസർഗോഡ് ജില്ലയിൽ നിന്നും ഏത് റോഡാണ് പരിഗണിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിനു കീഴിൽ ആദ്യ ഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ള പൊതുമരാമത്ത് റോഡുകളിൽ കാസർഗോഡ് ജില്ലയിൽ നിന്നും കുമ്പള-ബദിയടുക്ക-മുള്ളേരിയ (29.55 KM) റോഡ് ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിൽ ഹിൽഹൈവേയുടെ ഭാഗമായി എത്ര കി.മീ. റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശംങ്ങൾ അറിയിക്കുമോ; | (ബി) | പ്രസ്തുത റോഡിൽ ബദിയടുക്ക മുതൽ മുള്ളേരിയ വരെയുള്ള 12.5 കി.മീ റോഡ് ഹിൽ ഹൈവേയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നിലവിൽ നല്ല ഗതാഗത യോഗ്യവും ഹിൽഹൈവേയുടെ ഭാഗമായി വികസിപ്പിക്കുന്നതുമായ പ്രസ്തുത റോഡ് ജി.ഒ(ആർ.ടി)നം.25/2019/ആ.സാ.വ. തീയതി 13/08/2019 ഉത്തരവിൽ നിന്ന് ഒഴിവാക്കി കാസർഗോഡ് ജില്ലയിൽ പ്രഥമ പരിഗണന നൽകേണ്ട ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേ അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി മേൽ ഉത്തരവിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) & (ഡി) | പരിശോധിച്ചു വരുന്നു. |
| (ഡി) | ഇതു സംബന്ധിച്ച് റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ പരിഗണനയിലുള്ള ആർ.കെ.ഐ(1)84/19 ഫയലിൽ അനുകൂല നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ